# 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 490** **06-12-2022 - ൽ മറുപടിയ്ക്ക്**

## കിഫ്ബി നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കിഫ്ബി പദ്ധതിയിലൂടെ നടത്തുന്ന നിർമ്മാണ പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള നിലവിലെ സംവിധാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ; | (എ) | കിഫ്ബി ധനസഹായം നൽകുന്ന പദ്ധതികൾ ഗുണനിലവാരത്തോട്ടു കൂടി സമയക്രമം പാലിച്ച് നടപ്പിലാക്കുന്നതിനുള്ള ഉത്തരവാദിത്തം എസ്.പി.വിയ്ക്കും എസ്.പി.വി യെ നിശ്ചയിക്കുന്ന അതത് ഭരണ വകുപ്പുകൾക്കും ആണ്. കിഫ്ബി ധനസഹായം നൽകി നടത്തുന്ന എല്ലാ പദ്ധതികളും നിർമ്മാണം പൂർത്തിയാകുമ്പോൾ എസ്.പി.വി അവ അതത് ഭരണ വകുപ്പുകൾക്ക് കൈമാറുന്നതാണ്. ഗുണനിലവാരം ഉറപ്പാക്കുന്നതിന് എല്ലാ പദ്ധതികൾക്കും ഗുണനിലവാര പരിശോധനകൾക്കുള്ള സംവിധാനം എസ്.പി.വിയിൽ ഉണ്ടാകണം എന്ന് കിഫ്ബി നിർദേശിക്കുന്നുണ്ട്. അതനുസരിച്ച് എസ്.പി.വി യുടെ സൈറ്റിൽ ഉള്ള ക്വാളിറ്റി കൺട്രോൾ ടീം CPWD/ PWD/ IS Code/ Specification അനുസരിച്ചുള്ള എല്ലാ ടെസ്റ്റുകളും പരിശോധനകളും നടത്തേണ്ടതാണ്. കിഫ്ബി ആക്ട് പ്രകാരം ആണ് കിഫ്ബിയുടെ പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇതനുസരിച്ച് ഗുണനിലവാരം പാലിച്ച് പദ്ധതികൾ പുരോഗമിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് സമയാസമയങ്ങളിൽ കിഫ്ബി ഇൻസ്‌പെക്ഷൻ വിഭാഗം പരിശോധനകൾ നടത്തുന്നുണ്ട്. പരിശീലനം ലഭിച്ച ഉദ്യോഗസ്ഥർ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയാണ് പ്രവൃത്തികളുടെ ഗുണനിലവാരം പരിശോധിക്കുന്നത്. പോരായ്മകൾ കാണുകയാണെങ്കിൽ തിരുത്തൽ നടപടികൾക്കായി ഉടൻ തന്നെ ഫീൽഡ് ഒബ്സെർവഷൻ ഷീറ്റ്, ടെക്നിക്കൽ ഒബ്സെർവഷൻ ഷീറ്റ്, ഒബ്സെർവഷൻ മെമ്മോ, ഇൻസ്‌പെക്ഷൻ റിപ്പോർട്ട് എന്നിവയും നൽകാറുണ്ട്. ഭരണ വകുപ്പും എസ്.പി.വി യും കിഫ്ബിയും തമ്മിലുള്ള ത്രികക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണ് ഓരോ നിർമ്മാണ പ്രവർത്തികൾക്കും കിഫ്ബി ധനസഹായം |

| | | | |
|---|---|---|---|
| | | | നൽകുന്നത്. അതിന്റെ ഭാഗമായി തന്നെ ഗുണനിലവാര പരിശോധനകളുടെ അടിസ്ഥാനത്തിൽ കിഫ്ബി നൽകുന്ന നിർദേശങ്ങൾ പാലിക്കാൻ എസ്.പി.വി ബാധ്യസ്ഥവുമാണ്. എസ്.പി.വി യിൽ നിന്നും തൃപ്തികരമായ മറുപടി ലഭിക്കുന്ന മുറയ്ക്ക് ഒബ്സെർവഷൻ ഷീറ്റ്, ടെക്നിക്കൽ ഒബ്സെർവഷൻ ഷീറ്റ്, ഒബ്സെർവഷൻ മെമ്മോ, ഇൻസ്പെക്ഷൻ റിപ്പോർട്ട് എന്നിവ പിൻവലിക്കുന്നതാണ്. നിരന്തരമായി ഒബ്സെർവഷൻ മെമ്മോ കൊടുത്തിട്ടും പോരായ്മകൾ പരിഹരിക്കാത്ത പദ്ധതികൾ താത്കാലികമായി നിർത്തിവെക്കുന്നതിന് കിഫ്ബി നിർദ്ദേശം നൽകുന്നുണ്ട്. ന്യൂനതകൾ പരിഹരിച്ചു എന്ന് എസ്.പി.വി ഉറപ്പ് നൽകിയ ശേഷം മാത്രമേ നിർത്തിവെച്ചിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കാൻ കിഫ്ബി അനുവാദം നൽകുകയുള്ളൂ. |
| (ബി) | കിഫ്ബി ഫണ്ട് ഉപയോഗിച്ച് പണിത തൃശ്ശൂർ ചെമ്പൂച്ചിറയിലെ സ്കൂൾ കെട്ടിടം ഉൾപ്പടെ സംസ്ഥാനത്ത് എത്ര പ്രവൃത്തികൾ നിലവാരം കുറഞ്ഞവ എന്ന് കണ്ടെത്തിയെന്നും അതിൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കാമോ; | (ബി) | കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി വിഭാഗം നിരന്തരമായി നടത്തിവരുന്ന പരിശോധനാ നടപടികളുടെ ഭാഗമായി കിഫ്ബി നിശ്ചയിച്ച ഗുണനിലവാരമില്ലാത്തതിനാലും സമയക്രമം പാലിക്കാത്തതിനാലും സംസ്ഥാനത്ത് നിർമാണത്തിലിരുന്ന 51 പദ്ധതികൾ താത്കാലികമായി നിർത്തിവെക്കുന്നതിന് കിഫ്ബി നിർദ്ദേശം നൽകിയിരുന്നു. പ്രസ്തുത പ്രോജക്ടുകളുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.<br><br>കിഫ്ബിയുടെ ഇൻസ്പെക്ഷൻ അതോറിറ്റി പരിശോധന നടത്തി എല്ലാവിധ ന്യൂനതകളും പരിഹരിച്ചു എന്ന് ഉറപ്പ് വരുത്തിയ ശേഷം നിർത്തിവെച്ചിട്ടുള്ള 45 നിർമ്മാണ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനുള്ള നിർദേശം നൽകിയിട്ടുണ്ട്. ശേഷിക്കുന്ന 6 പ്രവർത്തികൾ, കണ്ണൂർ ജില്ലയിലെ കുപ്പം മേൽപ്പാലം, ആലപ്പുഴ ജില്ലയിലെ ഗവൺമെൻറ് എച്ച്.എസ്.എസ്. നാലുചിറ, എറണാകുളം ജില്ലയിലെ പ്ലാമുടി കോട്ടപ്പടി പാനിപ്ര-ഇരുമലപ്പടി ഊരംകുഴി റോഡ്, കോട്ടയം ജില്ലയിലെ അയ്മനത്ത് മിനി സ്റ്റേഡിയം, കോഴിക്കോട് ജില്ലയിലെ മൊകേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, BJM കോളേജ്, ചവറ എന്നിവയാണ്. |
| (സി) | ഇതിന് ഉത്തരവാദികളായവർക്കെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | ക്രമക്കേടുകൾ കണ്ടെത്തിയ പ്രവർത്തികൾ താൽക്കാലികമായി നിർത്തിവയ്ക്കാനും വേണ്ട നടപടികൾ സ്വീകരിക്കാനും ബന്ധപ്പെട്ട വകുപ്പുകളെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

490

ടോമാചിൻ

| നമ്പർ | പ്രോജക്ടിന്റെ പേര് | അസംബ്ലി മണ്ഡലം |
|---|---|---|
| 1 | അടൂർ ടൌൺ ബ്രിഡ്ജ് | അടൂർ |
| 2 | ഗവ. ബോയ്സ് എച്ച് എസ് എസ് അടൂർ | അടൂർ |
| 3 | കൈതവന-പഴയനാടകാവ്-അമ്പലപ്പുഴ-വടക്കേനട റോഡ് | ആലപ്പുഴ |
| 4 | ഗവ. എച്ച്.എസ്.എസ്. നാല്പചിറ | അമ്പലപ്പുഴ |
| 5 | ഗവ. ഗേൾസ് എച്ച് എസ് എസ് ആറ്റിങ്ങൽ | ആറ്റിങ്ങൽ |
| 6 | കല്ലറ പാങ്ങോട് പനവൂർ പുല്ലൻപാറ വെമ്പായം പഞ്ചായത്ത് സെൻട്രൽ വാട്ടർ സപ്ലൈ സ്കീം | ആറ്റിങ്ങൽ |
| 7 | പാങ്ങോട്-കടക്കൽ -ചിങ്ങേലി-ചടയമംഗലം റോഡ് | ചടയമംഗലം |
| 8 | ആയൂർ-ഇത്തിക്കര റോഡ് | ചാത്തന്നൂർ, ചടയമംഗലം |
| 9 | നീണ്ടകര താലൂക്ക് ആശുപത്രി | ചവറ |
| 10 | ഗവ. വൊക്കേഷണൽ എച്ച് എസ് എസ് തിരുവില്വാമല | ചേലക്കര |
| 11 | കല്ലിശ്ശേരി 24 MLD വാട്ടർ ട്രീറ്റ്മെന്റ് പ്ലാൻറ് | ചെങ്ങന്നൂർ |
| 12 | കൊച്ചിൻ കാൻസർ സെന്റർ എറണാകുളം | കളമശ്ശേരി |
| 13 | ഗവ. വൊക്കേഷണൽ എച്ച് എസ് എസ് ചെറുകുന്ന് | കല്ല്യാശ്ശേരി |
| 14 | കൽപ്പറ്റ വരാമ്പറ്റ റോഡ് | കൽപ്പറ്റ |
| 15 | മേപ്പാടി-ചൂരൽമല റോഡ് | കൽപ്പറ്റ |
| 16 | കിളിയളം-വരഞ്ഞൂർ റോഡ് | കാഞ്ഞങ്ങാട് |
| 17 | ഗവ. ഫിഷറീസ് എച്ച്എസ്എസ് കുഴിത്തുറ | കരുനാഗപ്പള്ളി |
| 18 | ചെറുവത്തൂർ- ചീമേനി- ഐടി പാർക്ക്- പലവയൽ - ഭീമനടി - മുക്കട റോഡ് | കാസർകോട് |
| 19 | കിള്ളി ഇഎംഎസ് അക്കാദമി റോഡ് | കാട്ടാക്കട |
| 20 | ഗവ. ബോയ്സ് എച്ച് എച്ച് എസ് കായംകുളം | കായംകുളം |
| 21 | കൊല്ലം ശ്രീനാരായണ ഗുരു കൾച്ചറൽ കോംപ്ലക്സ് | കൊല്ലം |

| | | |
|---|---|---|
| 44 | നെയ്യാർ ഡാമിൽ നിന്ന് പി ടി പി നഗറിലേക്കുള്ള വാട്ടർട്രാൻസ്മിഷൻ മെയിൻ | തിരുവനന്തപുരം |
| 45 | പേരൂർക്കട മുതൽ മൺവിള വരെയുള്ള വാട്ടർട്രാൻസ്മിഷൻ മെയിൻ | തിരുവനന്തപുരം |
| 46 | തോമസ് സെബാസ്റ്റ്യൻ സ്റ്റേഡിയം എടവ | വർക്കല |
| 47 | നാദാപുരം ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജ് | വടകര |
| 48 | പ്ലാമുടി കോട്ടപ്പടി പാനിപ്ര-ഇരുമലപ്പടി ഊരംകുഴി റോഡ് | കോതമംഗലം |
| 49 | മിനി സ്റ്റേഡിയം അയ്മനം | ഏറ്റുമാനൂർ |
| 50 | മൊകേരി ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ് | വടകര |
| 51 | BJM കോളേജ്, ചവറ | ചവറ |

സെക്ഷൻ ഓഫീസർ